**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 486** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൂടുതൽ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി മേഖല സ്വകാര്യവല്ക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽമാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees എന്നിവ എല്ലാം വൈദ്യുതി മേഖലയുടെ സ്വകാര്യവത്ക രണത്തിന് ആക്കം കൂട്ടുന്നവയാണ് എന്ന് വിലയിരുത്തപ്പെടുന്നു. ലാഭേച്ഛയോട്ടു കൂടി പ്രവർത്തിക്കുന്ന സ്വകാര്യ മേഖല തങ്ങൾക്ക് ആകർഷകമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്തുക സ്വാഭാവികമാണ്. വിതര ണരംഗം ലാഭകരമായ നഗര പ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതിനിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കും. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ മാത്രം ബാധ്യത ആകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ട സാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ച യിലേക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നം മൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി തുടങ്ങിയ നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തുമെന്ന് സംസ്ഥാനം ഭയപ്പെടുന്നു. വർഷങ്ങൾ കൊണ്ട് മാത്രം മുതൽമുടക്ക് വീണ്ടെടുക്കാൻ |

സാധിക്കുന്ന ശൃംഖലാ വികസന പദ്ധതികളിൽ പണം മുടക്കാൻ സ്വകാര്യനിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണനഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ഇല്ലായ്മ, അടിക്കടിയുണ്ടാകുന്ന വൈദ്യുതിമുടക്കം, ശൃംഖലയുടെ ശേഷിക്കുറവ് മൂലം ഉണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകും എന്നും ഭയപ്പെടുന്നു. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബിക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്നിവ ആശങ്ക ഉളവാക്കുന്നു. ഇലക്ട്രിസിറ്റി അമന്റ്മെന്റ് ബിൽ 2021, കരട് നിർദ്ദേശത്തിൽ Universal Service Obligation Fund (USOF)നെ കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് തുകകൾ USOF ലേക്ക് നിശ്ചിത കാലയളവിനുള്ളിൽ കൈമാറ്റം ചെയ്തിരിക്കണം എന്ന് കരട് നിർദ്ദേശത്തിൽ ഉറപ്പുവരുത്തുന്നില്ല. ഇത് ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഭാവിയിൽ ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമെന്ന് കരുതുന്നു. 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees പ്രകാരം പൊതുമേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും, തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടു നൽകണമെന്നും നിഷ്കർഷിക്കുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേ സമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള റിട്ടയർ മെൻറ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾ തന്നെ വഹിക്കണമെന്നും കരടുരേഖയിൽ വിഭാവനം ചെയ്യുന്നു. ഇതിനു പുറമേ

| | | | |
|---|---|---|---|
| | | | നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭം ഉള്ളതുമായ വൈദ്യുതി വാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസുകൾക്ക് കൈമാറേണ്ടിവരും. മുൻകാലങ്ങളിൽ വൈദ്യുതിമേഖലയിൽ കേന്ദ്രസർക്കാർ ഇടപെടലുകൾ ഉണ്ടാകു മ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാന തലത്തിൽ ആണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവ കാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്ത മാക്കുന്ന സമീപനമാണ് 2021ലെ ഭേദഗതി നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നത് എന്ന് വിലയിരുത്തുന്നു. |
| (ബി) | കാർഷിക മേഖലയെ സഹായിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് കാർഷിക മേഖലയിലെ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ആക്ട്, 2003 സെക്ഷൻ 62 പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ ചില്ലറ വിൽപ്പന വില നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്. ഇപ്രകാരം നിശ്ചയിക്കുന്ന നിരക്കിന്മേൽ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ഇളവ് നൽകാൻ സർക്കാരുകൾ ഉദ്ദേശിക്കുന്നു എങ്കിൽ സബ്സിഡിയായി നൽകാൻ ഉദ്ദേശിക്കുന്ന തുകയ്ക്ക് തുല്യമായ തുക ബന്ധപ്പെട്ട സർക്കാർ വിതരണ ലൈസൻസിക്ക് നൽകേണ്ടതുണ്ട്. |
| (സി) | വൈദ്യുതി ഇല്ലാത്ത ആദിവാസി ഊരുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയും, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയും, വിളിച്ച ചേർത്ത യോഗത്തിൽ 60 ആദിവാസി കോളനികളിൽ വൈദ്യുതി ഇല്ലെന്നുള്ളത് ശ്രദ്ധയിൽ പ്പെടുകയും ഗവണ്മെന്റ് നിർദേശമനുസരിച്ച് ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കെ.എസ്.ഇ.ബി.എൽ., ഫീൽഡ് ഉദ്യോഗ സ്ഥർക്കു നിർദേശം നൽകുകയും ചെയ്തിരുന്നു. ഇതനുസരിച്ച് 64 ആദിവാസി കോളനികൾ കണ്ടെത്തുകയും ഗ്രിഡ് വൈദ്യുതി എത്തിയ്ക്കാൻ സാധ്യമായ കോളനികൾക്കായി 41 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതി ലേക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ |

| | | | |
|---|---|---|---|
| | | | കൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തി ക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാ ക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം പൂർത്തീകരിക്കാവുന്നതാണ്. |
| (ഡി) | വിതരണ ശൃംഖലയുടെ പരിധിയിൽപ്പെടാത്ത വീടുകളിലേയ്ക്ക് വൈദ്യുതി എത്തിക്കാൻ ഉചിതമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | വിതരണ ശൃംഖലയുടെ പരിധിയിൽപ്പെടാത്ത വീടുകളിലേയ്ക്ക് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് വൈദ്യുതി നൽകുവാൻ സാധിക്കും. സൗരോർജ്ജ പദ്ധതികൾക്കായി വീടുകളുടെ പുരപ്പുറമോ തുറസ്സായ സൗരോർജ്ജ ലഭ്യതയുള്ള സ്ഥലങ്ങളോ സ്വീകരിക്കാവുന്നതാണ്. കാറ്റിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കാൻ അതിനനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ